**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** **15-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തിനുള്ള സുരക്ഷാ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. എം. എം. മണി,<br>ശ്രീ വി ജോയി,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ലോക മറൈൻ ഭൂപടത്തിൽ തലസ്ഥാനനഗരിയെ അടയാളപ്പെടുത്തുന്നതിനായി വിഴിഞ്ഞം തുറമുഖത്തിന് ഇതിനകം വിവിധ അംഗീകാരങ്ങൾ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിനായി ചുവടെപ്പറയുന്ന അനുമതികളും അംഗീകാരങ്ങളും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>**1.ISPS Code Compliance Certificate**<br><br>തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള ഇന്റർനാഷനൽ ഷിപ് ആന്റ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് (ISPS Code) കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്നും 25/09/2024 ന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി 25/03/2029 വരെയാണ്.<br><br>2.വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം വിഴിഞ്ഞം തുറമുഖത്ത് കണ്ടെയ്നർ ഉൾപ്പെയുള്ള ചരക്കുകൾ കയറ്റിറക്കുമതി ചെയ്യുന്നതിനുള്ള Customs Port ആയി പ്രഖ്യാപിച്ചു കൊണ്ട് 2024 ജൂൺ 24 ന് Central Board of Indirect Taxes and Customs (CBIC) ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>3. കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 8 പ്രകാരം, തുറമുഖത്തിലെ ലാൻറിംഗ് ഏരിയയുടെയും, കസ്റ്റംസ് ഏരിയയുടെയും പരിധി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം 2024 ജൂൺ 24 ന് Central Board of Indirect Taxes and Customs (CBIC) നൽകിയിട്ടുണ്ട്.<br><br>4. കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 45 മേൽ തത്വത്തിൽ അംഗീകാരം ലഭിച്ചു: കസ്റ്റംസ് ഏരിയ റഗുലേഷൻ 2009 ലെ ചട്ടം 5 പ്രകാരം കാർഗോ |

| | | | |
|---|---|---|---|
| | | | കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്.<br><br>5. കസ്റ്റംസ് വകുപ്പിൽ നിന്നും അന്താരാഷ്ട്ര ചരക്ക് ഗതാഗതം സാധ്യമാക്കുന്നതിന് വിഴിഞ്ഞം തുറമുഖത്തിന്റെ സവിശേഷ തിരിച്ചറിയൽ രേഖയായ Location Code (IN NYY1) 2024 ജൂൺ 21 ന് ലഭ്യമായിട്ടുണ്ട്.<br><br>6. Navigational Safety in Port Committee (NSPC)- യുടെ ഇടക്കാല ക്ലിയറൻസ് 28/03/2024-ന് ലഭ്യമായിട്ടുണ്ട്. സ്ഥിര അംഗീകാരം ഉടൻ തന്നെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>7.വിഴിഞ്ഞം തുറമുഖത്തിന്റെ Navigation Chart കേന്ദ്ര സർക്കാർ സ്ഥാപനമായ National Hydrographic Office തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ഇന്റർനാഷണൽ ഷിപ്പ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് അംഗീകാരം നേടിയെടുക്കാൻ വിഴിഞ്ഞം തുറമുഖത്തിന് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത സുരക്ഷാ അംഗീകാരം ലഭ്യമായതോടെ തുറമുഖത്ത് ആരംഭിക്കാൻ സാധിക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള **ISPS Compliance Certificate** കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്നും **25/09/2024** ന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി **25/03/2029** വരെയാണ്. **ISPS** കോഡ് പ്രകാരം ആവശ്യമായ നിബന്ധനകൾ വിഴിഞ്ഞം തുറമുഖം പാലിക്കുന്നുണ്ടെന്നും, അംഗീകരിച്ച തുറമുഖ സുരക്ഷാ പ്ലാൻ അനുസരിച്ചായിരിക്കും തുറമുഖ സൗകര്യങ്ങളുടെ പ്രവർത്തനമെന്നും ടി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നു. കണ്ടെയ്നർ കപ്പലുകൾക്കും മറ്റ് ചരക്ക് കപ്പലുകൾക്കും വിഴിഞ്ഞം തുറമുഖത്തിലെത്തി ചരക്ക് നീക്കം നടത്തുന്നതിനായുള്ള സുരക്ഷ പ്ലാൻ ഉൾപ്പെടെയുള്ള അംഗീകാരമാണ് ഇതു വഴി ലഭിച്ചിട്ടുള്ളത്. |
| (സി) | ഈ അംഗീകാരങ്ങൾ നേടിയെടുക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ? | (സി) | വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും അംഗീകാരങ്ങളും അനുമതികളും നേടിയെടു ക്കുന്നതിനായി കൺസഷണയറായ കരാർ കമ്പനിയും (AVPPL) സംസ്ഥാന സർക്കാരും ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. വിവിധ അപേക്ഷകൾ അതാത് വകുപ്പുകളിലേക്ക് കൺസഷണയർ സമർപ്പിച്ചിരുന്നു. ഇത് സംബന്ധിച്ച് നടന്ന വിവിധ വിലയിരുത്തൽ യോഗങ്ങളിലും തുറമുഖ സൗകര്യങ്ങളുടെ സൈറ്റ് പരിശോധനയിലും കൺസഷണയറുടെയും, സർക്കാരിന്റെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്ത് ആവശ്യമായ വിശദീകരണങ്ങളും ആവശ്യപ്പെട്ട അധിക രേഖകളും നൽകുകയുണ്ടായി. അപേക്ഷകൾ തീർപ്പാക്കി, ത്വരിതഗതിയിൽ അംഗീകാരങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ അനന്തര നടപടികൾ |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ വിവിധ തലങ്ങളിൽ നിന്നും സ്വീകരിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ